**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1240** **30-08-2022 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ ഇളവൂർ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിലെ ഇളവൂർ പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (എ) | ഇളവൂർ പാലത്തിനായി 15 കോടി രൂപയുടെ ഭരണാനുമതിയും തുടർന്ന് കിഫ്ബിയിൽ നിന്നും 12.02.2020 ൽ 9.58 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി 23.02.2021 ൽ 5.63 കോടി രൂപയ്ക്ക് പ്രോജക്റ്റ് ഡയറക്ടർ, കെ.ആർ.എഫ്.ബി - പി.എം.യു നൽകി 26.02.2021 ൽ ടി പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നു. തുടർന്ന് നിയമസഭാതിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ടി പ്രവൃത്തിയുടെ ടെക്നിക്കൽ ബിഡ് 26.06.2021 ൽ<br><br>തുറക്കുകയും ടി ടെണ്ടറിൽ 2 കരാറുകാർ പങ്കെടുക്കുകയും ചെയ്തു. 02.07.2021 ൽ നടന്ന 81 ാം ടെക്നിക്കൽ കമ്മിറ്റിയിൽ ടെക്നിക്കലി ഡിസ്ക്വാളിഫൈഡ് ആയതിനാൽ റീടെണ്ടർ ചെയ്യുന്നതിനും തീരുമാനിച്ചു. 30.07.2021 ൽ റീടെണ്ടർ ചെയ്യുകയും 18.08.2021 ൽ തുറന്ന ബിഡിൽ 2 കരാറുകാർ പങ്കെടുക്കുകയും പെരുമാളിൽ ഗ്രാനൈറ്റ് ആൻഡ് കൺസ്ട്രക്ഷൻസ് എന്ന കരാറുകാരൻ ടെക്നിക്കൽ ബിഡ് ക്വാളിഫൈ ആയി. എന്നാൽ പ്രസ്തുത കരാറുകാരൻ കരാർ തുകയെക്കാളും അധികരിച്ച തുക രേഖപ്പെടുത്തിയതിനാലും രേഖപ്പെടുത്തിയ തുകയിൽ കുറവുവരുത്തുവാൻ വിസ്സമ്മതിച്ചതിനാലും 13.01.2022 ൽ നടന്ന 29-ാമത് സർക്കാർ തല ടെണ്ടർ അപ്രൂവൽ കമ്മിറ്റിയിൽ പ്രസ്തുത പ്രവൃത്തി റീടെണ്ടർ ചെയ്യുവാൻ നിർദ്ദേശിച്ചു. പി.ഡബ്ളിയു.ഡി. യിൽ റേറ്റ് റിവിഷൻ നിലവിൽ വന്നതിനാൽ ടി പ്രവൃത്തി പുതുക്കിയ റേറ്റിൽ 24.04.2022 ൽ 6.3 കോടി രൂപയുടെ പുതുക്കിയ സാങ്കേതിക അനുമതി നൽകുകയും ടെണ്ടർ ചെയ്യുകയും ചെയ്തു. എന്നാൽ മൂന്ന് തവണ ടെണ്ടർ |

| | | | |
|---|---|---|---|
| | | | ചെയ്യുവെങ്കിലും ടെണ്ടർ അപ്രൂവൽ കമ്മിറ്റിക്ക് അംഗീകരിക്കാവുന്നതിൽ കൂടുതൽ അടങ്കൽ തുക കരാറുകാർ രേഖപ്പെടുത്തിയതിനെ തുടർന്ന് 04.08.2022 ൽ റീടെണ്ടർ ചെയ്തിട്ടുണ്ട്, ബിഡ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 25.08.2022 വരെയാണ്. |

സെക്ഷൻ ഓഫീസർ